## വിജ്ഞാപനം

## പത്തനംതിട്ട ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റ് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

പത്തനംതിട്ട ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിലെ ഒഴിവുള്ള പ്രസിഡന്റ് തസ്തികയിൽ നിയമനത്തിന് പരിഗണിയ്ക്കുന്നതിനായി ജില്ലാ ജഡ്ജി/റിട്ടയർ ചെയ്ത ജില്ലാ ജഡ്ജി എന്നിവരിൽ നിന്ന് അപേക്ഷ ക്ഷണിയ്ക്കുന്നു. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലും, www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ അവരുടെ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷ ഫോറത്തിൽ കേരള ഹൈക്കോടതി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഹൈക്കോടതി രജിസ്ട്രാറിൽ നിന്ന് ലഭിക്കുന്ന അപേക്ഷകരിൽ നിന്ന് സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിയ്ക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റു ചെലവുകളോ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം,
30- 01- 2019.